©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2026 മേയ് 23
23rd May 2026
1201 ഇടവം 9
9th Idavam 1201
1948 ജ്യേഷ്ഠം 2
2nd Jyaishta 1948

നമ്പർ
No. 1661

ഫാറം 4
ചട്ടം 11(3) കാണുക
വിജ്ഞാപനം

DCTVM/9986/2025/K13 — 22 മെയ് 2026

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് നെടുമങ്ങാട് വലിയമല ISRO-LPSC തുടർ വികസനങ്ങൾക്കായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും;

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013-ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന സർവ്വെ നമ്പരുകൾ ഉൾപ്പെട്ട പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ജില്ലാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കളക്ടറുടെ 20/09/2023 ലെ കെ11-240746/2019 നമ്പർ നടപടിക്രമ പ്രകാരം തിരുവനന്തപുരം ജില്ലയിലെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ **കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് (KVHSS), മുള്ളൻകുഴി, കളക്ടറേറ്റ്. പി.ഒ, കോട്ടയം** എന്ന ഏജൻസിക്ക് അനുമതി നൽകിയിരിക്കുന്നു. ടി പ്രവൃത്തി മൂന്ന് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറുമാസകാലയളവ് അധികമാകാൻ പാടില്ലാത്തതുമാണ്.

പട്ടിക

ജില്ല : തിരുവനന്തപുരം **താലൂക്ക് : നെടുമങ്ങാട്**
വില്ലേജ് : കരിപ്പൂര് **ബ്ലോക്ക് നം : 37**

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

ക്രമ നമ്പർ	ബ്ലോക്ക് നമ്പർ	സർവ്വെ നം.	സബ് ഡിവിഷൻ നം	വിസ്തീർണ്ണം (ഹെക്ടർ)	ഭൂമിയുടെ ഇനം/തരം
1	37	266	8	0.0955	പുരയിടം
2	37	266	9	0.1370	പുരയിടം
3	37	245	1	0.0445	പുരയിടം
4	37	245	2	0.0240	പുരയിടം
5	37	245	3	0.0580	പുരയിടം
6	37	245	4	0.0405	പുരയിടം
7	37	245	10	0.0365	പുരയിടം
8	37	245	11	0.0750	പുരയിടം
9	37	245	12	0.0450	പുരയിടം
10	37	245	13	0.0355	പുരയിടം
11	37	245	14	0.0470	പുരയിടം
12	37	245	15	0.0650	പുരയിടം
13	37	245	16	0.1600	പുരയിടം
14	37	269	33	0.0202	പുരയിടം
15	37	269	10	0.0810	പുരയിടം
16	37	269	11	0.0725	പുരയിടം
17	37	269	12	0.0510	പുരയിടം
18	**37**	269	13 pt	0.0600	പുരയിടം
19	**37**	269	14	0.0390	പുരയിടം
20	**37**	269	24	0.0195	പുരയിടം
21	**37**	269	23	0.0125	പുരയിടം
22	**37**	269	26	0.0140	പുരയിടം
			ആകെ	**1.2332 ഹെക്ടർ**	

(ഒപ്പ്)
ജില്ലാകളക്ടർ
തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കരിപ്പൂര് വില്ലേജിൽ ബ്ലോക്ക് നമ്പർ 37 ൽ നിന്നായി വലിയമല ISRO-LPSC തുടർ വികസനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് (KVHSS), മുള്ളൻകുഴി, കളക്ടറേറ്റ്. പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് അനുമതി നൽകിയിരിക്കുന്നു.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.23 09:32:49 +05:30